# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3103

03.04. 2013 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## നഗരങ്ങളുടെ മാസ്റ്റർപ്ലാനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) സംസ്ഥാനത്തെ നഗരങ്ങളുടെ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ നഗരങ്ങളുടെ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് ടൗൺ പ്ലാനർ 14 തവണയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാല് തവണയും വകുപ്പു മന്ത്രി നേരിട്ട് 2 തവണയും അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) ഇതുവരെ തയ്യാറായിട്ടുള്ള മാസ്റ്റർപ്ലാനുകൾ ഏതെല്ലാം നഗരങ്ങളുടേതാണ് എന്നറിയിക്കുമോ ; | (ബി) പരവൂർ (കൊല്ലം ജില്ല), ചങ്ങനാശ്ശേരി, വൈക്കം, തലശ്ശേരി എന്നീ നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ അംഗീകരിക്കുകയും മലപ്പുറം, കാസർഗോഡ്, പാല, പത്തനംതിട്ട, ഗുരുവായൂർ, കണ്ണൂർ, തൃശൂർ, കൊല്ലം, അടൂർ എന്നീ നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിക്കുകയും നോർത്ത് പരവൂർ, തിരുവനന്തപുരം എന്നീ നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾക്ക് പ്രസിദ്ധീകരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) ടൗൺ പ്ലാനിംഗ് വകുപ്പിൽ വേണ്ടത്ര ജീവനക്കാരില്ലാത്തത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) ടൗൺ പ്ലാനിംഗ് വകുപ്പിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) മാസ്റ്റർ പ്ലാനുകൾ ശാസ്ത്രീയമായി വേഗത്തിൽ തയ്യാറാക്കുവാൻ ആവശ്യമായ ഉപകരണങ്ങളും സംവിധാനങ്ങളും ലഭ്യമാക്കുമോ ; | (ഡി) മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്നതിനുള്ള സംസ്ഥാന പദ്ധതി മാസ്റ്റർ പ്ലാനുകൾ ശാസ്ത്രീയമായി വേഗത്തിൽ തയ്യാറാക്കാനുള്ള സംവിധാനങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്. ടി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ 24-10-2009-ലെ |

ജി. ഒ (ആർ. റ്റി) നം.2766/2009/തസ്വഭവ,
ജി. ഒ (ആർ. റ്റി) നം.2767/2009/തസ്വഭവ എന്നീ ഉത്തരവുകൾ മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് ആവശ്യമുള്ള പക്ഷം കമ്പ്യൂട്ടറുകൾ, സോഫ്റ്റ്‌വെയറുകൾ, സർവ്വേ ഉപകരണങ്ങൾ മുതലായവ വാങ്ങുന്നതിനും ടി പദ്ധതി മുഖേന സാധിക്കുന്നതാണ്.

(ഇ) പെരുമ്പാവൂർ നഗരത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പ്ലാൻ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്നറിയിക്കുമോ ?

(ഇ) & (എഫ്) പെരുമ്പാവൂർ നഗരത്തിന്റെ കരട് മാസ്റ്റർപ്ലാനിന് 10-08-1998-ലെ സ. ഉ (സാധാ) നം. 2544/98/എൽ.എ.ഡി നമ്പർ ഉത്തരവു പ്രകാരം പ്രസിദ്ധീകരണാനുമതി നൽകുകയും 22-10-1998 ൽ ടി പ്ലാൻ നഗരസഭ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്ലാനിൽ 413 ആക്ഷേപ, നിർദ്ദേശങ്ങൾ ലഭിച്ചതിനെ തുടർന്ന് പ്ലാൻ പുന:പരിശോധിച്ച് പുതിയ പ്ലാനിന് രൂപം കൊടുക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ നഗരസഭയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.